ഹദീസ്

നൗഷാദ് ചേനപ്പാടി

# കടം നൽകുന്നവരുടെ വിശാല മനസ്സ്

عَنْ أَبِي قَتَادَةَ قَالَ: سَمِعْتُ رَسُولَ اللهِ صلَّى اللهُ عَلَيْه وَسَلَّمَ يَقُولُ: مَن نفَّس عَن غَرِيمِهِ، أَوْ محا عَنْه:كَانَ فِي ظِلِّ الْعَرْشِ يَوْمَ الْقِيَامةِ (رواه الدارمي وأحمد في مسنده والبغوي في شرح السّنّة - صحّحه الشّيخ الألبانى في صحيح التّرغيب والتّرهيب)

**അബൂ ഖത്താദയിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറയുന്നതായി ഞാൻ കേട്ടു: ആരെങ്കിലും പ്രയാസപ്പെടുന്ന തന്റെ കടക്കാരന് അവധി നീട്ടി നൽകിക്കൊണ്ട് ആശ്വാസം നൽകുകയോ അല്ലെങ്കിൽ ആ കടം വിട്ടുനൽകുകയോ ചെയ്താൽ അന്ത്യദിനത്തിൽ അവൻ അല്ലാഹുവിന്റെ അർശിന്റെ തണലിലായിരിക്കും** (ഈ ഹദീസ് ഇമാം ബഗവി(റ) യുടെ *ശറഹുസ്സുന്ന*യിലും ശൈഖ് അൽബാനി(റ) തന്റെ *സ്വഹീഹു തർഗീബു വ തർഹീബി*ലും ഉദ്ധരിച്ചിരിക്കുന്നു).

ഒരു സത്യവിശ്വാസി എവിടെയും എപ്പോഴും ഏതവസ്ഥയിലും തലയുയർത്തിപ്പിടിച്ചു ജീവിക്കേണ്ടവനാണ്. അവന്റെ ആത്മാഭിമാനം ആരുടെ മുമ്പിലും അടിയറവെക്കാൻ പാടില്ല. ദൈന്യതയും നിന്ദ്യതയും സ്വയം ഏറ്റുവാങ്ങി ഒരു മുസ്‌ലിമും ഒരിടത്തും ജീവിക്കാൻ പാടില്ല എന്നാണ് ഇസ്‌ലാം അനുശാസിക്കുന്നത്. അല്ലാഹുവിന്റെ മുമ്പിൽ മാത്രമേ ഒരു മുസ്‌ലിം തലകുനിക്കാൻ പാടുള്ളൂ. അവന്റെ മുമ്പിലേ ഒരു വിശ്വാസി തന്റെ ദൈന്യതയും നിസ്സഹായാവസ്ഥയും പ്രകടിപ്പിക്കാൻ പാടുള്ളൂ. അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നിട്ടും അന്തസ്സോടെയും ആത്മാഭിമാനത്തോടെയും ജീവിക്കാൻ മറ്റിടങ്ങളിലേക്കു പലായനം ചെയ്യാതെ, ഞങ്ങൾ ദുർബലരായിരുന്നു എന്ന ന്യായം പറഞ്ഞുകൊണ്ട് അപമാനവും നിന്ദ്യതയും ഏറ്റുവാങ്ങി ജീവിക്കുന്നവർ പരലോകത്തും നരകത്തിലായിരിക്കും ജീവിക്കേണ്ടിവരിക എന്ന് ഖുർആൻ വ്യക്തമായും പറഞ്ഞിരിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടാൻ ഒരു മാർഗവും കാണാതെ നിർബന്ധിതാവസ്ഥയിൽപെട്ടുപോയ പീഡിതർക്കു മാത്രമേ അതിൽ ഒഴിവുള്ളു എന്നും ഖുർആൻ പറയുന്നു. സൂറഃ *അന്നിസാഅ്:* 97, 98 ആയത്തുകൾ നോക്കുക. ഈ പ്രപഞ്ചത്തിലെ ഏറ്റവും ഉന്നതമായ ആദർശവും വിശ്വാസവും ജീവിതചര്യയും കൊണ്ടുനടക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന സത്യവിശ്വാസിസമൂഹം ആ പ്രപഞ്ചനാഥന്റെ മുമ്പിലല്ലാതെ അവനെ ആശ്രയിച്ചു കഴിയുന്ന അവന്റെ സൃഷ്ടികളുടെ മുമ്പിൽ അവരുടെ വിധേയത്വവും ദൈന്യതയും നിസ്സഹായാവസ്ഥയും ഒരു കാരണവശാലും പ്രകടിപ്പിക്കാൻ പാടില്ല. അത് ആ ഉന്നതമായ വിശ്വാസത്തിന് വിരുദ്ധവുമാണ്.

അതേസമയം മനുഷ്യൻ ഭൗതികമായ ആവശ്യങ്ങളാൽ ബന്ധിതനുമാണ്. അതില്ലാതെ മലക്കുകളുടെ അവസ്ഥയിൽ ജീവിക്കാൻ അവനാവുകയുമില്ല. ജീവിതപ്രശ്നങ്ങളിൽനിന്ന് കരകയറാൻ ഒരു മാർഗവുമില്ലാത്ത ദുർബലരും അഗതികളും അംഗവൈകല്യമുള്ളവരും നിസ്സഹായരുമായ മനുഷ്യരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ നിർബന്ധ ബാധ്യതയാണ്. അല്ലാഹു അത് അവരെ ഏൽപിച്ചതുമാണ്. ഒരു മുസ്‌ലിമും മറ്റൊരാളുടെ മുമ്പിൽ തന്റെ ദൈന്യതയും നിസ്സഹായാവസ്ഥയും പ്രകടിപ്പിക്കാനോ കൈനീട്ടാനോ നിർബന്ധിക്കപ്പെടുന്ന ഒരവസ്ഥയുണ്ടാവാൻ പാടില്ല. ഒരു വീടിന്റെ വാതിലും മുട്ടാൻ പാടില്ല. അതിൽനിന്നവനെ കാക്കേണ്ടത് മുസ്‌ലിം സമൂഹമാണ്. നിർബന്ധിതാവസ്ഥയിലല്ലാതെ ഒരാളോടും ഒന്നും ചോദിക്കാൻ പാടില്ല എന്നും കൈനീട്ടാൻ പാടില്ല എന്നുമുള്ള നിരവധി ഹദീസുകൾ നമുക്കു കാണാം, യാചനയെ കർശനമായി വിലക്കിക്കൊണ്ടുള്ള ഹദീസുകളും. വിശ്വാസികളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാത്ത, തങ്ങളുടെ മാന്യതയും ആത്മാഭിമാനവും കളഞ്ഞുകുളിച്ച് അവരെ മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടാൻ വിടുന്ന ഒരു മുസ്‌ലിം സമൂഹത്തെയും ഈ ലോകത്ത് അല്ലാഹു ശിക്ഷിക്കാതെയും നിന്ദ്യമാക്കാതെയും വിടില്ല.

നിർബന്ധിതാവസ്ഥയിലാണ് ഏതൊരാളും മറ്റൊരാളിൽനിന്ന് കടം വാങ്ങുക. അവധി കഴിഞ്ഞാൽ അത് വീട്ടാൻ മാർഗം കാണാതെ കടക്കാരൻ അനുഭവിക്കുന്ന മനോവിഷമം വാക്കുകളിലോ എഴുത്തിലോ വിവരിക്കുക അസാധ്യം. കടം കൊടുത്തയാളിനെ കാണുമ്പോൾ അവനനുഭവിക്കുന്ന മനസ്സിടുക്കവും വിധേയമനോഭാവവും വിവരണാതീതം. അപ്പോഴും തന്റെ അധമർണനോട് സാരമില്ല, കിട്ടുമ്പോൾ തന്നാൽ മതി എന്നു പറയുന്നത് ആ മനുഷ്യന് എത്ര ആശ്വാസമാണ്! അതിനുമപ്പുറം അത് വേണ്ട എന്നു പറഞ്ഞ് നിറഞ്ഞ മനസ്സോടെ ആ കടം വിട്ടുകൊടുക്കുന്നത് എത്രമാത്രം ഉന്നതവും വിശാലവുമായ മനസ്സാണ്! സത്യവിശ്വാസിയുടെ യഥാർഥ മനോഭാവം. അതിനവനുള്ള സമ്മാനം പരലോകത്ത് സ്വർഗമാണെന്നാണ് ഈ ഹദീസിൽ പറയുന്നത്. കടം കൊടുക്കുന്നവന് മലയാളത്തിൽ ഉത്തമർണനെന്നും വാങ്ങുന്നവന് അധമർണനെന്നുമാണ് പേര് എന്നതുതന്നെ അതിന്റെ അധമത്വം വ്യക്തമാക്കുന്നുണ്ടല്ലോ. അറബിയിലും കടക്കാരന് 'മദീൻ' അഥവാ വിധേയൻ എന്നാണ് പറയുക. ●